# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ -232 15.07.2016 ൽ മറുപടിയ്ക്ക്

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ.സി.മമ്മത്കോയ<br>" കെ.കുഞ്ഞിരാമൻ<br>" കെ.ഡി. പ്രസേനൻ<br>" കെ.കെ.രാമചന്ദ്രൻ നായർ : | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 'ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി' അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (എ) | ഉണ്ട്; മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച് ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഭൂഗർഭ ജലശോഷണം തടഞ്ഞ് ഭൂഗർഭ ജലവിതാനം ഉയർത്തുക, ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി ആവിഷ്കരിച്ചത്. ഇതനുസരിച്ച് 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.758 കോടി രൂപ അനുവദിച്ചു. ഇതിൽ 209 കുളങ്ങൾ പൂർത്തിയായി. |
| (ബി) | മണ്ണിലെ ജലനിരപ്പുയർത്തുന്നതിനും ജലക്ഷാമം പരിഹരിക്കുന്നതിനും പരിസ്ഥിതി സന്തുലനം സാധ്യമാക്കുന്നതിനും പദ്ധതി പുനരാവിഷ്കരിച്ച് പ്രാവർത്തികമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതി തുടരുന്നതിന്റെ ഭാഗമായി സബ്ജക്ട് കമ്മിറ്റിയുടെ തീരുമാനപ്രകാരം 542 കുളങ്ങൾ നവീകരിക്കുന്നതിനായി 228.45 കോടി രൂപയുടെ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ (ഐ&എ) സമർപ്പിച്ചെങ്കിലും മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ 2015-16 സാമ്പത്തിക വർഷം ഭരണാനുമതി നല്കാൻ സാധിച്ചില്ല. |
| (സി) | പ്രസ്തുത പദ്ധതിയിൽ ആരാധനാലയങ്ങളെയും പൊതുസ്ഥാപനങ്ങളെയും സ്വകാര്യവ്യക്തികളെയും കൂടി പങ്കാളികളാക്കുന്ന രീതിയിൽ പദ്ധതി പുന:സംഘടിപ്പിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ